ഇഹ്സാൻ

# ആരുടേതായിരുന്നു ആ അധോലോകം?

**ഒടുവിൽ** ആ ദുരന്തം സംഭവിക്കുക തന്നെ ചെയ്തു. തോക്കുകളും ഗ്രനേഡുകളുമായി ഭീകരർ നേർക്കുനേരെ വരികയും കശ്മീരിനു പുറത്ത് യഥാർഥത്തിൽ തന്നെ സുരക്ഷാ ഏജൻസികളുമായി ഏറ്റുമുട്ടുകയും ചെയ്തു. കൊല്ലപ്പെട്ടവരിൽ പോലീസുകാരും തീവ്രവാദികളും സാധാരണക്കാരും എല്ലാവരുമുണ്ട്. കടലിലൂടെ മുംബൈയിലെത്തിയതെന്നു കരുതുന്ന ഭീകരർ അക്ഷരാർഥത്തിൽ ഒരു രാത്രിയും പകലും ഇന്ത്യയുടെ വാണിജ്യനഗരിയിൽ അഴിഞ്ഞാടി. നൂറിലേറെ ജനങ്ങളെ കൊന്നുമുടിച്ച അവർ രാജ്യത്തിന്റെ പരമപ്രധാനമായ കേന്ദ്രങ്ങളിൽ കോടിക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങളും വരുത്തി. ഏറ്റവും ചുരുങ്ങിയത് 30 പേരെങ്കിലുമുള്ള സംഘമായിരുന്നു ഈ ആക്രമണത്തിൽ പങ്കെടുത്തതെന്നാണ് വിലയിരുത്തപ്പെടുന്നത്. പന്ത്രണ്ട് കേന്ദ്രങ്ങളിലാണ് അവർ ഭീതി വിതച്ചത്. ഇവരിൽ പകുതിയോളം പേർ താജ്, ഒബ്റോയി, ട്രൈഡന്റ് എന്നീ ഹോട്ടലുകളിൽ മാത്രം ആക്രമണരംഗത്തുണ്ടായിരുന്നു. കൊളാബ, ഛത്രപതി ശിവാജി റെയിൽവേ ടെർമിനൽ, ലിയോപോൾഡ് കേഫ് തുടങ്ങി നഗരത്തിന്റെ തലങ്ങും വിലങ്ങുമുള്ള കേന്ദ്രങ്ങളിലാണ് 40 മിനിറ്റിന്റെ ഇടവേളയിൽ ഈ ആക്രമണമത്രയും നടന്നത്. ഒന്നിൽനിന്നും തുടക്കമിട്ട് അക്രമികൾ മറ്റൊന്നിലേക്കു പോയ സംഭവങ്ങളും അല്ലാത്തവയുമുണ്ടായിരുന്നു. പോലീസിന്റെ വാഹനം റാഞ്ചിയെടുത്തു പോലും ഭീകരർ നഗരത്തിലൂടെ അലഞ്ഞുനടന്നു. കേൾക്കുമ്പോൾ തന്നെ അവിശ്വസനീയമായ സംഭവങ്ങളായിരുന്നു ഇവയിൽ പലതും.

പത്രങ്ങളിൽ വായിക്കുന്നതു പോലെ എളുപ്പമുള്ള ഏർപ്പാടായിരുന്നില്ല ഈ സംഭവങ്ങളുടെ ആസൂത്രണം. മാസങ്ങളുടെ ഗൂഢാലോചനയില്ലാതെ ഈ ആക്രമണം സാധ്യമാവുമായിരുന്നില്ല. എല്ലായിടത്തെയുമെന്ന പോലെ നിരവധി ഘടകങ്ങൾ ഒന്നിച്ചു ചേരുകയോ അതല്ലെങ്കിൽ അത്യസാധാരണമായ രീതിയിൽ ഭാഗ്യം ഭീകരരുടെ പക്ഷത്ത് നിലയുറപ്പിക്കുകയോ ചെയ്തിരുന്നു. കറാച്ചിയിൽ നിന്നാണ് ഭീകരർ പുറപ്പെട്ടതെന്ന് പറയുന്നുണ്ടെങ്കിലും എന്തോ ചില കാരണങ്ങൾ കൊണ്ട് ഇവർ ഗുജറാത്തിൽ എത്തിയിരുന്നുവെന്നാണ് നാം വിശ്വസിക്കേണ്ടത്. ഇവർ വന്നതെന്നു കരുതുന്ന കപ്പൽ നവംബർ 13ന് ഗുജറാത്തിൽ നിന്നു പുറപ്പെട്ടതാണെന്നാണ് പോലീസിന്റെ കണ്ടെത്തൽ. മുംബൈയിലെത്തുന്നതു വരെ ഇത്തരമൊരു സംഘത്തെ കുറിച്ച് ഇന്റലിജൻസും നാവികസേനയും ഒന്നും അറിഞ്ഞില്ലെന്നോ? എന്തുകൊണ്ട് കറാച്ചിയിൽ നിന്നും ഗുജറാത്ത് വഴി അതിസാഹസികമായ ഈ കടൽ യാത്ര? 24 മണിക്കൂറും ആളനക്കമുള്ള ഗേറ്റ്‌വേ ഓഫ് ഇന്ത്യയിൽ അത്യന്താധുനിക ആയുധങ്ങളുമായി ഇവർ വന്നിറങ്ങുന്നു. മുംബൈ നഗരം അവർക്ക് സ്വന്തം കൈപ്പത്തികൾ പോലെ പരിചിതം. ഉദ്ദേശിച്ച ലക്ഷ്യങ്ങളിലേക്ക് പോലീസിന്റെയും സർക്കാറിന്റെയും നാട്ടുകാരുടെയും വാഹനങ്ങൾ തട്ടിയെടുത്ത് കുതിക്കുന്നു. സ്വാഭാവികമായും ലോഡു കണക്കിന് ആയുധങ്ങൾ അവരുടെ കസ്റ്റഡിയിൽ ഉണ്ടായിരുന്നു. മൂന്നു ഹോട്ടലുകൾ തീയിടാൻ ആവശ്യമായ സ്ഫോടകവസ്തുക്കളെ കുറിച്ചു മാത്രം ഒരാവൃത്തി ആലോചിക്കുക. ലക്ഷ്യസ്ഥാനങ്ങളായി കണ്ടുവെച്ച കെട്ടിടങ്ങളിലേക്ക് പിൻവശത്തു കൂടെയുള്ള വഴികൾ പോലും ഇവർക്കറിയാമായിരുന്നുവെന്നാണ് പത്ര റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മുംബൈയിലെ ടാക്സി ഡ്രൈവർമാരല്ല പാകിസ്താനികളാണ് ഈ സംഘത്തിലുള്ളതെന്ന് മറക്കരുത്. നഗരത്തെ കുറിച്ച് അവർക്ക് മുൻധാരണയുണ്ടായിരുന്നുവെങ്കിൽ അവർ എപ്പോഴായിരിക്കണം നേരത്തെ എത്തിച്ചേർന്നത്? ഒരു തവണ ലക്ഷ്യസ്ഥാനങ്ങൾ നിർണയിച്ച് ഗുജറാത്തിലേക്കു തിരിച്ചുപോയി എന്നാണോ നാം കരുതേണ്ടത്? അതോ ഒന്നുമറിയാതെ വന്നവരെ മറ്റാരോ കൈയയച്ച് സഹായിച്ചു എന്നോ?

ഈ സംഘത്തെ മുംബൈയിൽ ആരാണ് സഹായിച്ചത് എന്നതിന് പതിവ് മട്ടിൽ വഷളത്തം പറയാനൊരുങ്ങുകയാണ് പോലീസും സംഘ്പരിവാറും. എൽ.കെ അദ്വാനി മുന്നിൽ നിന്ന് നയിക്കുന്ന ഈ പ്രചാരണയുദ്ധത്തിൽ കേസന്വേഷണത്തിന്റെ ദിശ തുടക്കത്തിലേ അട്ടിമറിക്കപ്പെടുന്നതാണ് കാണാനുള്ളത്. സാധാരണ ഇത്തരം ആക്രമണങ്ങൾ സംഘടിപ്പിക്കുന്നത് സിമി ആണെങ്കിലും ഇത്തവണത്തെ ആക്രമണത്തിന് പിന്നിലുള്ള ആസൂത്രണപാടവം ചൂണ്ടിക്കാട്ടുന്നത് ചില വിദേശസംഘടനകളുടെ സാന്നിധ്യത്തെ കുറിച്ചാണെന്നും 1993ലെ മുംബൈ സ്ഫോടനങ്ങളുടെ ശൈലിയിൽ അധോലോകത്തിൽ നിന്നാവാം ഇക്കൂട്ടർക്ക് സഹായം ലഭിച്ചിട്ടുണ്ടാവുക എന്നുമാണ് അദ്വാനി അഭിപ്രായപ്പെട്ടത്. ഡക്കാൻ മുജാഹിദീൻ എന്ന പുതിയ അവതാരത്തെ അദ്വാനി ഏറ്റുപിടിക്കുന്നില്ലെന്നത് ശ്രദ്ധിക്കുക. സിമിയെ ഇത്രയും കാലം അദ്വാനി കുറ്റം പറഞ്ഞുകൊണ്ടിരുന്നത് എന്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് ഇന്ത്യക്കാർ തിരിച്ചറിഞ്ഞപ്പോഴാണ് ഇന്റലിജൻസ് കഥകളിൽ ഇന്ത്യൻ മുജാഹിദീൻ എന്ന സംഘടന പിറവിയെടുത്തത്. അതിനെ വിശ്വസിക്കാൻ വിശേഷിച്ച് തെളിവൊന്നും ലഭിക്കാതിരുന്ന ഇന്ത്യക്കാർ ഇപ്പോഴത്തെ ഈ ഡക്കാൻ മുജാഹിദീനെ മാത്രം എന്തിന് അവിശ്വസിക്കണം? ഡക്കാൻ മുജാഹിദീൻ എന്ന സംഘടന ഇല്ലെന്ന് പോലീസ് വൃത്തങ്ങൾ വിശദീകരിക്കുന്നതെന്തിന്?

ഇന്ദ്രേഷ് കുമാർ എന്ന തലമൂത്ത ആർ.എസ്.എസ് നേതാവ് പാക് ചാരസംഘടനയായ ഐ.എസ്.ഐയിൽ നിന്നും മൂന്ന് കോടി രൂപ സ്വീകരിച്ചു എന്ന കേണൽ ശ്രീകാന്ത് പുരോഹിതിന്റെ വെളിപ്പെടുത്തൽ എ.ടി.എസ് പുറത്തുവിട്ട് ഏതാനും ദിവസങ്ങൾക്കു ശേഷമാണ് മുംബൈ ആക്രമണം നടക്കുന്നത്. അഭിനവ് ഭാരതും ഹിന്ദു മഹാസഭയുമൊക്കെ തങ്ങളുടെ സ്ഫോടനങ്ങൾക്ക് പണം കണ്ടെത്തിയത് ഈ വഴിയിലൂടെ ആയിരുന്നുവെന്നാണ് സംശയിക്കപ്പെട്ടത്. സംഘ്പരിവാർ-ഐ.എസ്.ഐ ബന്ധത്തെ കുറിച്ച അന്വേഷണങ്ങൾ ഒരിക്കൽ കൂടി സജീവമാകാനുള്ള സാധ്യതയെ ആണ് അധോലോകത്തെ മുമ്പോട്ടു തള്ളി അദ്വാനി മറച്ചുപിടിക്കാനൊരുങ്ങുന്നത്. വന്നത് പാകിസ്താനികൾ ആണെന്നും അവർ കറാച്ചിയിൽ നിന്നും ഗുജറാത്ത് വഴിയാണ് ഇന്ത്യയിലെത്തിയതെന്നും തർക്കമറ്റ വസ്തുതയാണ്. ഇന്ത്യയിൽ അവരെ വെറുതെ നഗരപ്രദക്ഷിണം നടത്തിക്കുക മാത്രമല്ല ഇവിടത്തെ പ്രായോജകർ ചെയ്തിട്ടുണ്ടാവുക. അവരിൽ പലരും ഈ ആക്രമണങ്ങളിൽ പങ്കെടുത്തിരിക്കാൻ നല്ല സാധ്യതയുണ്ട്. ക്ഷേത്രാചാരങ്ങൾ പുലർത്തുന്ന രണ്ടു യുവാക്കളുടെ ദൃശ്യങ്ങളെങ്കിലും അസാധാരണമായ വ്യക്തതയോടെ ക്യാമകൾ പകർത്തിയിരുന്നു. അതാണോ കോസ്റ്റ് ഗാർഡിന്റെ കണ്ണുവെട്ടിച്ച് രണ്ടുപേർ പാകിസ്താനിലേക്ക് രക്ഷപ്പെട്ടുവെന്ന 'സിദ്ധാന്ത'ത്തിന്റെ ഹേതു? ഒമ്പത് പേർ പിടിയിലായി രണ്ടാമത്തെ ദിവസം രാത്രിയായിട്ടും അതിൽ ഒരു അബൂ ഇസ്മായിലിന്റെ പേര് മാത്രമാണ് ഉറക്കെ പറഞ്ഞുകേൾക്കാനുള്ളത്. ബാക്കിയുള്ളവരെ ആൾമാറാട്ടം നടത്തിയോ അതോ വിട്ടയച്ചോ?

പാർലമെന്റ് ആക്രമണകാലത്തെ അനുസ്മരിപ്പിച്ച് പാകിസ്താനിലെ ഭീകരർ ഒരിക്കൽ കൂടി ബി.ജെ.പിയുടെ ആപൽക്കാല ബാന്ധവരായി മാറുകയാണ്. ഏതായാലും മാലേഗാവ് കേസന്വേഷണം അട്ടിമിക്കപ്പെട്ട വഴിയേതെന്നു മാത്രം ഇനി ചോദിച്ചാൽ മതി. ഹേമന്ദ് കർക്കറെ കൊല്ലപ്പെട്ടതിനെ കുറിച്ച് പ്രത്യേകമായ അന്വേഷണം ആവശ്യപ്പെടാൻ ആർക്കാണ് താൽപര്യം? സംഘ് പരിവാറിലെ ഐ.എസ്.ഐ ഏജന്റുമാരും സൈന്യത്തിലെ ഹിന്ദുത്വ ഭീകരരും മുഖംമൂടികൾ വലിച്ചു ചീന്തി നമുക്കു മുമ്പിൽ ഹാജരാക്കപ്പെടുന്ന കാലത്താണ് അദ്ദേഹം 'പാകിസ്താനികളുടെ' വെടിയുണ്ടയേറ്റു മരിക്കുന്നത്. ■